KERALA STATE DRUGS CONTROL ENFORCEMENT OFFICERS ASSOCIATION
TC No. 15/345 (2), CSM Nagar-208, Vellayambalam, Sasthamangalam P.O.,
Thiruvananthapuram-695010, Kerala, India

PRESIDENT
Jayan P.M

VICE PRESIDENT
PK Sreekumar

GEN. SECRETARY
Nishith MC

JOINT SECRETARY
Jayan Philip

TREASURER
Shaji PH

EXE. MEMBERS
Sujith Kumar K
Santhosh K Mathew
Shaji M Varghese
Sudheesh KV
Vinayan MP
Mahalekshmy R
Noufal CV
Moniveena MG
Praveen M
Anas T.M
Sarath Kumar S

നമ്പർ : 13/KSDCEOA/2019 തിയ്യതി: 11.01.2019

ബഹുമാനപ്പെട്ട ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മുമ്പാകെ കേരള സ്റ്റേറ്റ് ഡ്രഗ്സ് കൺട്രോൾ എൻഫോഴ്സ്മെന്റ് ഓഫീസേഴ്സ് അസോസിയേഷൻ (KSDCEOA) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ വിപുലീകരണത്തിനുവേണ്ടി സമർപ്പിക്കുന്ന നിവേദനം

സർ,

കേരള സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർ മുതൽ ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ വരെയുള്ള 62 എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരെ പ്രതിനിധീകരിക്കുന്ന സർവ്വീസ് സംഘടനയാണ് 1992-ൽ രൂപീകൃതമായ കേരള സ്റ്റേറ്റ് ഡ്രഗ്സ് കൺട്രോൾ എൻഫോഴ്സ്മെന്റ് ഓഫീസേഴ്സ് അസോസിയേഷൻ. ഈ സംഘടന ദേശീയ തലത്തിലെ ഡ്രഗ്സ് കൺട്രോൾ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെ സംഘടനയായ All India Drugs Control Officers Confederation (AIDCOC)-നുമായി അഫിലിയേറ്റ് ചെയ്യപ്പെട്ടിരിക്കുന്നു.

ആമുഖം

ഡ്രഗ്സ് കൺട്രോൾ വകുപ്പ് സംസ്ഥാനത്ത് നിലവിൽ വന്നത് 1961-ൽ ആണ്. ഔഷധങ്ങളുടേയും സൗന്ദര്യവർദ്ധക വസ്തുക്കളുടേയും ഉത്പാദന വിതരണ വിപണന പ്രക്രിയകൾ നിയന്ത്രിക്കുകയും തദ്വാര അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തി നിയന്ത്രിത വിലയിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് വകുപ്പിന്റെ പ്രഖ്യാപിത ലക്ഷ്യം.


ഡ്രഗ്സ് കൺട്രോൾ വകുപ്പ് സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്ന നിയമങ്ങൾ താഴെപ്പറയുന്നവയാണ്.

1. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട്, 1940 ആന്റ് റൂൾസ്, 1945
2. ഡ്രഗ്സ് പ്രൈസസ് കൺട്രോൾ ഓർഡർ, 2013
3. കേരള പോയ്സൺ റൂൾസ്, 1996.
4. ദി കേരളാ ഡ്രഗ്സ് & അദർ സ്റ്റോഴ്സ് (അൺലോഫുൾ പൊസഷൻ) ആക്ട്, 1971
5. ദി ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ്സ്) ആക്ട്, 1954 ആന്റ് റൂൾസ്, 1955
6. സിഗറ്റ് ആന്റ് അദർ ടുബാക്കോ പ്രോഡക്റ്റ്സ് ആക്ട്, 2003
7. മെഡിക്കൽ ഡിവൈസസ് റൂൾസ്, 2017

Email:ksdceoa17@gmail.com, Website:www.ksdceoa.com
Phone:09895532615, 09447381180

എൻഫോഴ്സ്മെന്റ് വിഭാഗവും അനലിറ്റിക്കൽ വിഭാഗവും ചേർന്ന് സംസ്ഥാന ഡ്രഗ്സ് കൺട്രോളർ നിയന്ത്രണാധികാരിയായ ചെറിയവകുപ്പാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പ്. മേൽപ്പറഞ്ഞ നിയമങ്ങൾ സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നത് ഈ വകുപ്പിലെ 47 ഡ്രഗ്സ് ഇൻസ്പെക്ടർ മാത്രമടങ്ങുന്ന ഉദ്യോഗസ്ഥ വൃന്ദമാണ്.

സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ഘടനാരൂപം



ഡ്രഗ്സ് ഇൻസ്പെക്ടറുടെ ചുമതലകൾ

1. ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് & റൂൾസിന് വിധേയമായി ഔഷധവ്യാപാര സ്ഥാപനങ്ങളിൽ ആനുകാലിക പരിശോധന നടത്തുക.

2. വിപണിയിലെ വ്യാജവും മായംചേർന്നതും ഗുണനിലവാരമില്ലാത്തതും മിസ്സ് ബ്രാന്റഡ് ആയതുമായ ഔഷധങ്ങൾ കണ്ടെത്തുകയും അവയുടെ വിൽപ്പന തടഞ്ഞ് തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

3. അന്യസംസ്ഥാനങ്ങളിൽ നിന്നും ഗുണനിലവാരം ഇല്ലാത്തതായി അറിയിപ്പ് ലഭിച്ച ഔഷധങ്ങൾ വിപണിയിൽ നിന്നും നീക്കം ചെയ്യുവാൻ നടപടി സ്വീകരിക്കുക.

4. വകുപ്പ് കൈകാര്യം ചെയ്യുന്ന നിയമങ്ങളുടെ ചട്ടലംഘനം കണ്ടെത്തിയാൽ അവയ്ക്കെതിരെ കേസ് അടക്കുമുള്ള നിയമനടപടികൾ സ്വീകരിക്കുകയും തുടർ അന്വേഷണം നടത്തി കോടതികളിൽ അന്തിമ ചാർജ് ഷീറ്റ് സമർപ്പിച്ച് കേസ് നടത്തുക.

5. സംസ്ഥാനത്തേക്കുള്ള അനധികൃത മരുന്ന് കടത്ത് തടയുക

6. അലോപ്പതി, ഹോമിയോ മരുന്നുകൾ സൗന്ദര്യവർദ്ധക വസ്തുക്കൾ എന്നിവയുടെ സാമ്പിളുകൾ നിയമാനുസൃതമായ രീതിയിൽ ശേഖരിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഡ്രഗ്സ് ടെസ്റ്റിങ്ങ് ലബോറട്ടറിയിലേക്ക്

പരിശോധനയ്ക്കായി അയക്കുക. പരിശോധനാ റിപ്പോർട്ട് ലഭിച്ചതിനുശേഷം നടപടികൾ സ്വീകരിക്കുക.

7. അലോപതി, ഹോമിയോ മരുന്നുകൾ കോസ്മെറ്റിക്സ് എന്നിവയുടെ ഉത്പാദനം, വിതരണം, വില്പന എന്നിവ നിയന്ത്രിക്കുക.

8. മരുന്ന് നിർമ്മാണ കമ്പനികൾ ബ്ലഡ് ബാങ്കുകൾ എന്നിവയ്ക്ക് ആവശ്യമായ ലൈസൻസ് നൽകുന്നതിലേക്കായി സെൻട്രൽ ഡ്രഗ്സ് സ്റ്റാന്റാർഡ് കൺട്രോൾ ഓർഗനൈസേഷനുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുക.

9. സംസ്ഥാന എക്സൈസ്, പോലീസ് വകുപ്പുകളുമായി ചേർന്ന് ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുള്ള സൈകോട്രോപിക്ക് മരുന്നുകളുടെ വിൽപ്പന നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി സംയുക്ത പരിശോധനകൾ നടത്തുക.

10. ഔഷധങ്ങളുമായി ബന്ധപ്പെട്ട പൊതുജനങ്ങളുടെ പരാതിയിൽ മേൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുക.

11. ആശുപത്രികൾക്കാവശ്യമായ നാർക്കോട്ടിക്ക് മരുന്നുകളുടെ ഉപയോഗത്തിനായി എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്, RMI സർട്ടിഫിക്കറ്റ് എന്നിവ അനുവദിക്കുന്നതിന് പരിശോധനകൾ നടത്തുക.

12. ആന്റിബയോട്ടിക്ക് ഉൾപ്പെടെയുള്ള പ്രിസ്ക്രിപ്ഷൻ മരുന്നുകൾ ഡോക്ടറുടെ കുറുപ്പടിയോടെ മാത്രം വിൽപ്പനനടത്തുന്നതിനും അങ്ങനെയല്ലാത്ത വ്യാപാരസ്ഥാപനങ്ങൾ നിരീക്ഷിച്ച് നിയമലംഘനം നടന്നതായി കണ്ടെത്തിയാൽ നടപടി സ്വീകരിക്കുക.

13. മരുന്ന് നിരോധനം ഉൾപ്പെടെ സെൻട്രൽ ഗവൺമെന്റ് പുറത്തിറക്കുന്ന ഗസറ്റ് വിജ്ഞാപനങ്ങൾ ദ്രുതഗതിയിൽ സംസ്ഥാനത്ത് നടപ്പിൽവരുത്തുക.

14. ചില്ലറ/മൊത്ത ഔഷവ്യാപാരസ്ഥാപനങ്ങൾ, പ്രൈവറ്റ്/സർക്കാർ ആശുപത്രി സ്റ്റോറുകൾ, ബ്ലഡ് ബാങ്ക്/സ്റ്റോറേജ് യൂണിറ്റുകൾ തുടങ്ങിയ വ്യാപാരസ്ഥാപനങ്ങളിൽ ആനുകാലിക പരിശോധന നടത്തുക.

15. പെയിൻ & പാലിയേറ്റീവ് കെയറിലേക്കുള്ള മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്തുക.

16. വിപണിയിൽ സദാസമയവും ഔഷധങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക.

17. ഡ്രഗ്സ് പ്രൈസസ് കൺട്രോൾ ഓർഡറിനു വിധേയമായി മരുന്നുകളുടെ വിലയിലുള്ള വർദ്ധന, ആയതുമായി ബന്ധപ്പെട്ട പരാതികൾ എന്നിവ നിരീക്ഷിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്യുക.

18. ഔഷധങ്ങളുമായി ബന്ധപ്പെട്ട പരസ്യങ്ങൾ നിയന്ത്രിക്കുന്നതിനായി നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുക

19. സർക്കാർ മരുന്നുകളോ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള മറ്റ് വസ്തുക്കളുടെയോ ചോർച്ച സംഭവിക്കുന്നത് തടയുക.

20. സയനൈഡ്, മെതനോൾ, ക്ലോറാൽ ഹൈഡ്രേറ്റ് തുടങ്ങിയ വിഷവസ്തുക്കളുടെ ഉപയോഗത്തിനും വിൽപ്പ നക്കുമായി പോയ്സൺ പെർമിറ്റ് / ലൈസൻസ് എന്നിവ സ്ഥാപനങ്ങൾക്ക് അനുവദിക്കുകയും ആനുകാലിക പരിശോധന നടത്തുകയും ചെയ്യുക.

21. പുതിയതായി തുടങ്ങുവാൻ ഉദ്ദേശിക്കുന്ന ഔഷധവ്യാപാരസ്ഥാപനങ്ങളുടെ അപേക്ഷകൾ പരിശോധിച്ച് സ്ഥാപന പരിശോധനനടത്തി ഡ്രഗ്സ് ലൈസൻസുകൾ അനുവദിക്കുന്നതിലേക്കായി റിപ്പോർട്ടുകൾ മേലധികാരിക്ക് അയച്ചുനൽകുക.

22. സ്ഥാപനങ്ങളിലെ ക്വാളിഫൈഡ് വ്യക്തിയുടെ മാറ്റം സംബന്ധിച്ച അപേക്ഷ പരിശോധിച്ച് ഔഷധവ്യാപാരത്തിനുള്ള ഡ്രഗ്സ് ലൈസൻസുകളിൽ മാറ്റം ചേർത്ത് നൽകുക.

<u>നിരീക്ഷണങ്ങൾ</u>

രാജ്യത്തെ ഔഷധ വിപണിയിലെ വ്യാജമരുന്നുകൾ/നിശ്ചിത ഗുണനിലവാരമില്ലാത്ത മരുന്നുകൾ എന്നിവയുടെ സാധ്യതയെക്കുറിച്ച് പഠിക്കുവാൻ കേന്ദ്രസർക്കാർ നിയോഗിച്ച വിദഗ്ധ സമിതിയായ മഷേൽക്കർ കമ്മിറ്റി സമർപ്പിച്ച വിശദമായ റിപ്പോർട്ട് നമുക്ക് മുമ്പിൽ നിലവിലുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ രാജ്യത്തെ സംസ്ഥാന തലത്തിലുള്ള ഡ്രഗ്സ് കൺട്രോൾ വകുപ്പുകൾ വിപുലീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ അനിവാര്യതയെ സംബന്ധിച്ചും കാതലായ നിർദ്ദേശങ്ങൾ ഗവണ്മെന്റിനു മുമ്പാകെ മുന്നോട്ടു വെക്കുന്നുണ്ട്. പ്രസ്തുത റിപ്പോർട്ട് നവംബർ 2003-ൽ ആണ് നിലവിൽ വന്നതെങ്കിലും, 15 വർഷമായിട്ടും നമ്മുടെ സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ പ്രത്യക്ഷമായ വിപുലീകരണം ഇതുവരെ സാധ്യമായിട്ടില്ല. കേന്ദ്രതലത്തിലും അന്യസംസ്ഥാനങ്ങളിലും മഷേൽക്കർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ വ്യാപകമായ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കെ, നമ്മുടെ സംസ്ഥാനത്ത് ഇന്നും ഡ്രഗ്സ് കൺട്രോൾ വകുപ്പ് ശൈശവ ദശയിൽ തന്നെയാണ്. 2017-ലെ ഡ്രഗ്സ് കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ ശുപാർശകളിൽ സംസ്ഥാന തലത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിനെ ശക്തിപ്പെടുത്തുവാനും അതുവഴി വ്യാജ മരുന്നുകളുടേയും, ഗുണനിലവാരമില്ലാത്ത മരുന്നുകളുടേയും അതിവ്യാപനം തടയുവാനും ശക്തമായ നിർദ്ദേശങ്ങൾ മുന്നോട്ടു വെക്കുന്നുണ്ട്. 200 വിൽപ്പന സ്ഥാപനങ്ങൾക്ക് ഒരു ഡ്രഗ്സ് ഇൻസ്പെക്ടർ എന്ന ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിലുള്ള നിർദ്ദേശം പല സംസ്ഥാനങ്ങളിലും നടപ്പിലാക്കിയിട്ടുണ്ടെങ്കിലും നമ്മുടെ സംസ്ഥാനത്ത് ഇതുവരെ നടപ്പിലാക്കിയിട്ടില്ല എന്ന വസ്തുത ദു:ഖകരം തന്നെയാണ്. പ്രതിദിനം സംസ്ഥാനത്ത് മരുന്നുവ്യാപാര സ്ഥാപനങ്ങളുടെ എണ്ണം കൂടിവരുന്ന സാഹചര്യത്തിൽ മഷേൽക്കർ കമ്മിറ്റി നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തേണ്ട ആവശ്യകത വളരെയേറെയാണ്.

കൂടാതെ സംസ്ഥാനസർക്കാരിന്റെ Personal & Administrative Reforms വകുപ്പ്, 2011 കാലയളവിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ 2013 ൽ പുറത്തിറക്കിയ വർക്ക് സ്റ്റഡി റിപ്പോർട്ട് ഇന്നും നിലനിൽക്കുന്നു. പ്രസ്തുത റിപ്പോർട്ടിലും ഡ്രഗ്സ് ഇൻസ്പെക്ടർ തസ്തികയുടേയും പ്രമോഷൻ തസ്തികകളുടെയും എണ്ണം ആനുപാതികമായി വർദ്ധിപ്പിക്കണമെന്ന് പറയുന്നുണ്ടെങ്കിലും 5 വർഷമായിട്ടും ശുപാർശകൾ ഇതുവരെ അംഗീകരിക്കപ്പെട്ടിട്ടില്ല.


ഉദ്യോഗസ്ഥ അനുപാതം : മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപഠനം

Name of Posts	Number of posts in each States			
	Tamil Nadu	Karnataka	Telangana	Kerala
Drugs Controller	1	1	1	1
Joint Drugs Controller	1	2	1	Nil
Deputy Drugs Controller	2	24	4	2
Assistant Drugs Controller	15	41	15	7
Senior Drugs Inspector	13	-	-	6
Drugs Inspector	146	84	66	47


നിലവിലെ സാഹചര്യം

സംസ്ഥാനത്ത് നിലവിൽ ഏകദേശം 21766-ഓളം ഡ്രഗ്സ് ലൈസൻസുകളുള്ള ഔഷധവ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ അലോപ്പതി മരുന്നുകൾ സംഭരണം നടത്തി രോഗികൾക്ക് നൽകുന്നതും, എന്നാൽ നിയമാനുസൃതമായ ലൈസൻസുകൾക്ക് ഒഴിവ് ലഭിച്ചതുമായ രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർമാരുടെ ഒട്ടനവധി ക്ലിനിക്കുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥർ പരിശോധിക്കേണ്ടതായ ഗവൺമെന്റ് ആശുപത്രികൾ, വെറ്റിനറി ആശുപത്രി സ്റ്റോറുകൾ, ESI സ്റ്റോറുകൾ, റെയിൽവേ ആശുപത്രികൾ എന്നിവ സംസ്ഥാനത്ത് ഒട്ടനവധിയാണ്. മാത്രവുമല്ല മീതൈൽ ആൾക്കഹോൾ, സയനൈഡ്, ക്ലോറാൽ ഹൈഡ്രേറ്റ് തുടങ്ങി വിഷവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായ പോയ്സൺ പെർമിറ്റ്, പോയ്സൺ ലൈസൻസ് തുടങ്ങിയവ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളും സംസ്ഥാനത്ത് ഒട്ടനവധി ഉണ്ട്. നിലവിലെ സാഹചര്യത്തിൽ 47 ഉദ്യോഗസ്ഥരെക്കൊണ്ട് മാത്രം ഇത്രയും സ്ഥാപനങ്ങളുടെ ആനുകാലിക പരിശോധന നടത്തുക എന്നത് തികച്ചും ദുഷ്കരമാണ്. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിലെ ചട്ടം 51 പ്രകാരം ലൈസൻസുള്ള എല്ലാ സ്ഥാപനങ്ങളും വർഷത്തിൽ ഒരിക്കലെങ്കിലും പരിശോധിക്കണമെന്നിരിക്കെ നിലവിലെ അവസ്ഥയിൽ ഇത് തീർത്തും അസാധ്യമാണ്.

2018 ഡിസംബർ വരെ വകുപ്പിൽനിന്നും ലൈസൻസുകൾ അനുവദിക്കപ്പെട്ട നിർമ്മാണയൂണിറ്റുകളുടെ എണ്ണം




1st Qtr: BLOOD BANKS : 182
2nd Qtr: HOMEOPATHIC MANUFACTURING UNITS : 13
3rd Qtr: ALLOPATHIC MANUFACTURING UNITS : 69
4th Qtr: COSMETICS MANUFACTURING UNITS : 76
5th Qtr: BLOOD STORAGE UNITS : 19



1st Qtr: ALLOPATHIC RETAIL LICENSES	:	14,085
2nd Qtr: ALLOPATHIC WHOLESALE LICENSES	:	6109
3rd Qtr: LICENSED HOMOEO SALES UNITS	:	509
4th Qtr: POISON LICENSE/PERMITS	:	476
5th Qtr: RMI	:	450
6th Qtr: RESTRICTED LICENSES	:	434

എന്തുകൊണ്ട് വകുപ്പുതല വികസനം ?

1. സംസ്ഥാനത്ത് വർഷന്തോറും ഔഷധവ്യാപാര സ്ഥാപനങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യമാണുള്ളത്. സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നവംബർ 2000-ത്തിൽ മൂന്നു തസ്തികകൾ സൃഷ്ടിച്ചതൊഴിച്ചാൽ (No.G.O.(MS)No. 70/2000/H & FWD dated 20.3.2000) നാളിതുവരെ ഒരു ഡ്രഗ്സ് ഇൻസ്പെക്ടർ തസ്തികപോലും സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്ന വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. വർഷം 2000-ത്തിനുശേഷം 18 വർഷം പിന്നിടുമ്പോൾ സംസ്ഥാനത്ത് ഔഷധവ്യാപാര സ്ഥാപനങ്ങളുടെ എണ്ണം ഇരട്ടിച്ചതായി കാണാൻ കഴിയും. കൂടാതെ തീർത്തും സങ്കീർണമായ സാഹചര്യത്തിലൂടെയാണ് ഔഷധവിപണി കടന്നുപോയിക്കൊണ്ടിരിക്കുന്നത്. ആയതുകൊണ്ട് തന്നെ 10,000 കോടി രൂപയുടെ വിറ്റുവരവുള്ള സംസ്ഥാന ഔഷധവിപണി നിയന്ത്രിക്കുവാൻ 47 ഡ്രഗ്സ് ഇൻസ്പെക്ടർ എന്ന കണക്ക് അപര്യാപ്തവും വകുപ്പിന്റെ ഉദ്ദേശത്തെ പിന്നോട്ടടിപ്പിക്കുന്നതുമാണ്.



Year	Total number of licensed allopathic sales premises
2008	12,047
2011	17,894
015	18,800
2018	21,766

2. 18 വർഷങ്ങൾക്കു മുൻപ് സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിൽമാത്രം ഒരു ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി പ്രവർത്തിച്ചിരുന്നപ്പോൾ നിലവിലുണ്ടായിരുന്ന 47 ഡ്രഗ്സ് ഇൻസ്പെക്ടർ എന്ന സ്റ്റാഫ് പാറ്റേൺ അതേ അവസ്ഥയിൽ ഇന്നും തുടർന്നു പോകുന്നു. 2013-ൽ എറണാകുളം ജില്ലയിൽ ഒരു റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി പ്രവർത്തനസജ്ജമാവുകയും തൃശൂർ ജില്ലയിൽ മറ്റൊരു ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി കൂടി പ്രവർത്തനമാരംഭിക്കാൻ പോകുന്നതും കൂടാതെ സംസ്ഥാനത്ത് കോന്നി, കോഴിക്കോട് എന്നിവിടങ്ങളിൽ

2012-2013 വർഷത്തെ ബഡ്ജറ്റിൽ പുതിയ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികൾക്കായി തുക നീക്കിവെച്ച സാഹചര്യവും നിലവിൽ ഉണ്ട്. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിന് നിയമവിധേയമായി വിപണിയിലെ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്റ്റാറ്റ്യൂട്ടറി രീതിയിൽ സാമ്പിളുകൾ ശേഖരിക്കുവാൻ ഉത്തരവാദിത്തപ്പെട്ട ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ എണ്ണം 18 വർഷങ്ങൾക്ക് ശേഷവും മാറ്റമില്ലാതെ തുടരുന്നത് ക്ലേശകരവും ഉദ്യോഗസ്ഥരിൽ ജോലിഭാരം കൂട്ടിയിട്ടുണ്ടെന്നുള്ളതിലും സംശയമില്ല. ജീവൻരക്ഷാ ഔഷധങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും അതുമായി ബന്ധപ്പെട്ട അന്യത്ര ചുമതലകൾ വഹിക്കേണ്ടുന്നതിനും വകുപ്പിലെ ഉദ്യോഗസ്ഥർ അതീവ ശ്രദ്ധ നൽകുന്നതുകൊണ്ടുതന്നെ, അയ്യായിരം കോടിയിൽപ്പരം രൂപയുടെ വിറ്റുവരവുള്ള സൗന്ദര്യവർദ്ധക വസ്തുക്കളുടേയും, ഹോമിയോ മരുന്നുകളുടേയും ഗുണനിലവാര പരിശോധനയ്ക്കായി എടുക്കുന്ന സാമ്പിളുകളുടെ എണ്ണം നാമമാത്രമായി ചുരുങ്ങുന്നു. ഉദ്യോഗസ്ഥരുടെ എണ്ണത്തിലുള്ള കുറവുകൊണ്ടുതന്നെ ഈ മേഖലയിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുവാൻ സാധിക്കാതെയും വരുന്നു. 2017 വർഷത്തിൽ ഡ്രഗ്സ് കൺട്രോളറുടെ നേതൃത്വത്തിൽ രൂപീകൃതമായ സ്പെഷ്യൽ സ്കാഡിന്റെ പരിശോധനയിൽ കേരളത്തിലെ വിപണിയിൽ വ്യാജസൗന്ദര്യവർദ്ധക വസ്തുക്കളുടെ അതിപ്രസരമുണ്ടെന്ന് കണ്ടെത്തിയത് ഞെട്ടിക്കുന്ന വസ്തുതയാണ്.

പുതിയ ഡ്രഗ്സ് ടെസ്റ്റിങ്ങ് ലബോറട്ടറികൾ കൂടി തുടങ്ങുന്ന സാഹചര്യത്തിൽ കൂടുതൽ സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിക്കേണ്ടതും പരിശോധനക്കായി അയക്കേണ്ടതുമുണ്ട്. സ്ഥാപനങ്ങളിൽ ആനുകാലിക പരിശോധന നടത്തുന്നതിനും, കേസ് നടത്തിപ്പിനും കേസുകളുടെ അനന്തര അന്വേഷണത്തിനും നിശ്ചിത ഗുണനിലവാരം പുലർത്താത്ത മരുന്നുകളുടെ വിപണനം വിപണിയിൽ നിന്നും തടയുന്നതിനുമായി ഒട്ടനവധി സമയം വേണ്ടിവരുന്ന സാഹചര്യത്തിൽ, നിലവിലെ ഉദ്യോഗസ്ഥരുടെ സാമ്പിൾ ടാർഗെറ്റ് വർദ്ധിപ്പിക്കുന്നത് തീർത്തും അസാധ്യമായ കാര്യമാണ്. ഈ സാഹചര്യത്തിൽ മഷേൽക്കർ കമ്മിറ്റിയുടെയും ഡ്രഗ്സ് കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെയും ശുപാർശകളുടെ അടിസ്ഥാനത്തിൽ ഡ്രഗ്സ് ഇൻസ്പെക്ടർ തസ്തികയും ആനുപാതികമായി പ്രൊമോഷൻ തസ്തികകളുടേയും എണ്ണം വർദ്ധിപ്പിച്ചാൽ മാത്രമേ കാര്യക്ഷമമായി വകുപ്പ് പ്രവർത്തിക്കുവാൻ സാധിക്കൂ എന്ന വസ്തുത അങ്ങയുടെ സമക്ഷത്തിങ്കൽ ബോധിപ്പിക്കുന്നു.

ഓരോ ഉദ്യോഗസ്ഥനും ഒരുമാസം അനുവദിക്കപ്പെട്ടിട്ടുള്ള 12 ദിവസത്തെ യാത്രാപ്പടിയിൽ, നിശ്ചയിക്കപ്പെട്ട 16 എണ്ണം സാമ്പിൾ ശേഖരിക്കുന്നതിനും അയയ്ക്കുന്നതിനും ഏകദേശം 5 ദിവസത്തെ സമയമെങ്കിലും ആവശ്യമായി വരുന്നുണ്ട്. കൂടാതെ ഏകദേശം 6 കേസുകളിലെങ്കിലും കോടതിയിൽ ഓരോ മാസവും ഓരോ ഉദ്യോഗസ്ഥർക്കും ഹാജരാകേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതായും വരാറുണ്ട്. ഇതിനു പുറമേ ഹൈക്കോടതി സംബന്ധമായ കാര്യങ്ങൾക്കും അന്വേഷണങ്ങൾക്കും മറ്റു മീറ്റിങ്ങുകൾക്കും ഹാജരാകേണ്ട സാഹചര്യം കൂടി കണക്കിലെടുത്താൽ നീക്കിവെക്കാൻ സമയം തികയാത്ത വിഷമകരമായ സാഹചര്യമാണുള്ളത്.

3. നിലവിലെ സ്ഥിതിയിൽ 18 വർഷത്തെ സർവീസ് ആയിട്ടും പ്രമോഷൻ ലഭ്യമാവാത്ത സാഹചര്യവും ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ നിലനിൽക്കുന്നു. അതേസമയം ഡ്രഗ്സ് അനലിസ്റ്റ് ഗ്രേഡ് III- യിൽ പ്രവേശിക്കുന്ന ഇതേ കേഡർ ഉദ്യോഗസ്ഥർക്ക് 5 വർഷത്തെ സീനിയോറിറ്റി കൊണ്ടുപോലും പ്രമോഷൻ ലഭ്യമാകുന്നുണ്ട്. പുതിയതായി ഡ്രഗ്സ് ടെസ്റ്റിങ്ങ് ലബോറട്ടറികൾ മറ്റു ജില്ലകളിലും തുടങ്ങുന്ന സാഹചര്യത്തിൽ പ്രമോഷൻ സാധ്യത അനലിസ്റ്റ് കാറ്റഗറിയിൽ വീണ്ടും കൂടുമ്പോൾ, എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് ആനുപാതികമായ പ്രമോഷൻ ലഭ്യമാകുന്നില്ല എന്ന വസ്തുതയും അങ്ങയുടെ മുമ്പാകെ ബോധിപ്പിക്കുന്നു. അനലിറ്റിക്കൽ വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ പ്രമോഷന് തത്തുല്യമായി എൻ

ഫോഴ്സ്മെന്റ് വിഭാഗത്തിലും തസ്തികകൾ സൃഷ്ടിച്ചാലെ ഇതിന് ഒരു പരിഹാരമാകൂ. നിലവിൽ 49 അനലിസ്റ്റ് ഗ്രേഡ് III യും, 21 അനലിസ്റ്റ് ഗ്രേഡ് II ഉം, ഏഴ് അനലിസ്റ്റ് ഗ്രേഡ് I ഉം, രണ്ട് ചീഫ് ഗവൺമെന്റ് അനലിസ്റ്റ് തസ്തികയും അനലിറ്റിക്കൽ വിഭാഗത്തിൽ ഉണ്ട് (49:21:7:2). എന്നാൽ ഇതേസമയം എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ 47 ഡ്രഗ്സ് ഇൻസ്പെക്ടറുടെയും 6 സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടറുടെയും 7 അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെയും 2 ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറുടെയും തസ്തികകൾ മാത്രമായി ഒരു മാറ്റവുമില്ലാതെ ഇന്നും തുടരുന്നു (47:6:7:2). നിലവിൽ വകുപ്പുതല വികസനം അനലിറ്റിക്കൽ വിഭാഗത്തിൽ മാത്രമായി ചുരുങ്ങുകയും അവർക്ക് പ്രമോഷനുള്ള സാധ്യത കൂടിവരുകയും ചെയ്യുമ്പോൾ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ മാത്രം വർഷങ്ങൾ പിന്നിട്ടിട്ടും ഒരു മാറ്റവുമില്ലാതെ നിലനിന്ന് പോകുന്നു.

ENFORCEMENT WING			**ANALYTICAL WING**	
Year	**Name of Post**	**Posts created**	**Name of Post**	**Posts created**
Before 2000	Drugs Inspector	47	Analyst Grade III	20
	Senior/Regional Drugs Inspector	6	Analyst Grade II	9
	Assistant Drugs Controller	7	Analyst Grade I	3
	Deputy Drugs Controller	2	Chief Government Analyst	1
2013	Drugs Inspector	-	Analyst Grade III	5
	Senior/Regional Drugs Inspector	-	Analyst Grade II	5
	Assistant Drugs Controller	-	Analyst Grade I	1
	Deputy Drugs Controller	-	Chief Government Analyst	1
			(Ref: G.O.430/13/H & FWD dated 29/10/13)	
2015	Drugs Inspector	-	Analyst Grade III	15
	Senior/Regional Drugs Inspector	-	Analyst Grade II	4
	Assistant Drugs Controller	-	Analyst Grade I	2
	Deputy Drugs Controller	-	Chief Government Analyst	-
			(Ref: G.O.(MS) No.252/15/H & FWD dated 11/11/15)	
2018	Drugs Inspector	-	Analyst Grade III	9
	Senior/Regional Drugs Inspector	-	Analyst Grade II	3
	Assistant Drugs Controller	-	Analyst Grade I	1
	Deputy Drugs Controller	-	Chief Government Analyst	-
			(Ref: G.O.188/18/H & FWD dated 29/09/18)	
Total number of posts created after the year 2000 in Enforcement wing- Nil			**Total number of posts created after the year 2000 in Analytical wing - 41**	

സംസ്ഥാന സർക്കാരിന്റെ പരിഗണനക്കായി അസോസിയേഷൻ മുമ്പോട്ടുവെക്കുന്ന വിഷയങ്ങൾ

1. ഡ്രഗ്സ് ഇൻസ്പെക്ടർ തസ്തിക മഷേൽക്കർ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലും, ഡ്രഗ്സ് കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ ശുപാർശ പ്രകാരവും 200 ഔഷധവ്യാപാരസ്ഥാപനങ്ങൾക്ക് 1 ഡ്രഗ്സ് ഇൻസ്പെക്ടർ (200:1) എന്ന അനുപാതത്തിൽ വർദ്ധിപ്പിക്കുക.

അങ്ങനെയെങ്കിൽ നിലവിലെ അവസ്ഥയിൽ 61 ഡ്രഗസ് ഇൻസ്പെക്ടർ തസ്തികകളെങ്കിലും പുതിയതായി സൃഷ്ടിക്കപ്പെടേണ്ടതുണ്ട്.

2. അനലിറ്റിക്കൽ വിഭാഗവുമായുള്ള പ്രമോഷൻ പാരിറ്റി നിലനിർത്തുന്നതിന്, എല്ലാ ജില്ലകളിലും അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ തസ്തിക പുതിയതായി നിർമ്മിക്കുക.

2013 ലെ P&ARD റിപ്പോർട്ടിലും ഇതേ ശുപാർശ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം പുതിയതായി 8 അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ തസ്തികകൾ കൂടി വകുപ്പിൽ സൃഷ്ടിക്കേണ്ടതുണ്ട്.

3. നിലവിൽ 14 ജില്ലകൾക്കായി 6 റീജിയണൽ/സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർ തസ്തികകൾ മാത്രമാണുള്ളത്. എട്ട് പുതിയ തസ്തികകൾ കൂടി സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. അപ്രകാരം ഒരു ജില്ലയ്ക്ക് ഒരു റീജിയണൽ/സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർ എന്ന നിലയിൽ എല്ലാ ജില്ലകളിലും നിയമിക്കുവാൻ സാധിക്കുകയും നിലവിലെ ഉദ്യോഗസ്ഥരുടെ ജോലിഭാരം ലഘൂകരിക്കാൻ സഹായകമാവുന്നതുമാണ്.

4. സൗന്ദര്യവർദ്ധക വസ്തുക്കൾ മെഡിക്കൽ ഡിവൈസുകൾ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളും അവയുടെ ചുമതലകൾ വഹിക്കുന്നതിനും മാത്രമായി ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറുടെ ഒരു അധിക തസ്തിക കൂടി സൃഷ്ടിക്കുക.

5. സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ സുഗമപരമായ നടത്തിപ്പിനും വകുപ്പിന്റെ വികസനത്തിനുമായി രണ്ടു ജോയിന്റ് ഡ്രഗ്സ് കൺട്രോളർ തസ്തിക കൂടി സൃഷ്ടിക്കുക.

സംസ്ഥാനത്ത് ഉത്തരമേഖലയിലും ദക്ഷിണമേഖലയിലും ഒരോ ജോയിന്റ് ഡ്രഗ്സ് കൺട്രോളറെ നിയമിക്കുന്നത് വകുപ്പിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കുവാൻ സഹായിക്കും.

കേരള ഡ്രഗ്സ് കൺട്രോൾ എൻഫോഴ്സ്മെന്റ് ഓഫിസേഴ്സ് അസോസിയേഷന്റെ ഈ നിവേദനം അനുഭാവപൂർവ്വം പരിഗണിച്ച് തുടർ നടപടി സ്വീകരിക്കുവാൻ അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

ജയൻ പി.എം
പ്രസിഡന്റ്
(ഫോൺ : 9447381180)

നിഷിത് എം.സി
ജനറൽ സെക്രട്ടറി
(ഫോൺ: 9895532615)

പകർപ്പ് : സംസ്ഥാന ഡ്രഗ്സ് കൺട്രോളർ, തിരുവനന്തപുരം